**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4839** **01-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലാന്റേഷൻ ടൂറിസവും ഫുഡ് ടൂറിസവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലാന്റേഷൻ ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | പ്ലാന്റേഷൻ ടൂറിസം പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) | ചരിത്ര സ്മാരകങ്ങളെയും പൈതൃക കേന്ദ്രങ്ങളെയും ഉൾപ്പെടുത്തിയുള്ള ടൂറിസം പദ്ധതി പുതിയതായി ആവിഷ്കരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ചരിത്ര സ്മാരകങ്ങളെയും പൈതൃക കേന്ദ്രങ്ങളെയും ഉൾപ്പെടുത്തിയുള്ള ടൂറിസം പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി തുടങ്ങിയവയാണ് നിലവിൽ വകുപ്പ് നടപ്പിലാക്കി വരുന്നത്. വകുപ്പ് പുതുതായി ആവിഷ്കരിച്ച പദ്ധതിയാണ് തിരുവിതാംകൂർ പൈതൃക പദ്ധതി. തിരുവിതാംകൂറിന്റെ ചരിത്ര പ്രധാന്യം വ്യക്തമാക്കുന്ന പൈതൃക കെട്ടിടങ്ങളെയും ആരാധനാലയങ്ങളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് വികസനം സാധ്യമാക്കുന്ന ടൂറിസം സർക്യൂട്ട് പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ തിരുവനന്തപുരം നഗരത്തിലെ 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുതാലങ്കാരം നടത്തുന്നതിനുള്ള ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്. അതോടൊപ്പം പദ്ധതിയുടെ രണ്ടാംഘട്ടം എന്ന നിലയിൽ തിരുവിതാംകൂറിന്റെ ചരിത്രപ്രാധാന്യമുള്ള എല്ലാ സ്ഥലങ്ങളും ഉൾപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കുവാനാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. |
| (സി) | സംസ്ഥാനത്ത് ഉടമകൾ ഉപേക്ഷിച്ച തോട്ടങ്ങളിലെ ബ്രിട്ടീഷ് കാലത്തെ ബംഗ്ലാവുകളും ക്ലബ്ബുകളും ഏറ്റെടുത്ത് പ്ലാന്റേഷൻ ഹെറിറ്റേജ് ടൂറിസം പദ്ധതി ആവിഷ്കരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | പ്ലാന്റേഷൻ ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിശോധിക്കാ വുന്നതാണ്. |
| (ഡി) | സംസ്ഥാനത്തെത്തുന്ന വിനോദ സഞ്ചാരികൾക്ക് കേരളത്തിലെ ഭക്ഷ്യവിഭവങ്ങളെ പരിചയപ്പെടുത്തുവാൻ ഫുഡ് ടൂറിസം എന്ന ആശയം | (ഡി) | ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന "എക്സ്പീരിയൻസ് എത്തിക്/ ലോക്കൽ ക്യുസീൻ നെറ്റ് വർക്ക്" എന്ന പദ്ധതി |

| | | | |
|---|---|---|---|
| | നടപ്പിൽ വരുത്തുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | | കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പം തന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. പദ്ധതിയുടെ ഭാഗമായി അപേക്ഷ നൽകിയവർക്ക് പരിശീലനം നൽകി ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്ത്, ഓൺലൈൻ പ്ലാറ്റ്ഫോമിൽ എന്റർ ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ സാധാരണക്കാരായ സ്ത്രീകൾ ചെറുകിട സംരംഭകരായി മാറുകയുണ്ടായി. പദ്ധതി വഴി വിവിധ ജില്ലകളിൽ യൂണിറ്റുകൾക്ക് വരുമാനം ലഭിച്ചു തുടങ്ങിയ സമയത്ത് കോവിഡ്-19 നിയന്ത്രണങ്ങൾ നിലവിൽവന്നു. തുടർന്നു നിർത്തിവച്ച പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമായിട്ടില്ല. അതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ